കെട്ടിടവിഭാഗം

(i) സബ്ട്രഷറി

(ii) ഐ. റ്റി. ഐ.

(iii) റസ്റ്റ്ഹൗസ്

(സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ

അംപാട്-അണിക്കോടുറോഡ് 0/000-5/200-നും വെമ്പല്ലൂർ-മുരിങ്ങമല റോഡ് 0/000-3/120-നും കെട്ടിടവിഭാഗത്തിൽ സബ്ട്രഷറി വർക്കിനും, ഐ.ടി.ഐ.ക്കും.

(ഡി) സ്ഥലം ലഭ്യമായിട്ടില്ലാത്തതിനാൽ ചെമ്പൈ റസ്റ്റ് ഹൗസിന് ഭരണാനുമതി ലഭിച്ചില്ല.

കെ. എസ്. ടി. പി. സ്കാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിനുള്ള തീരുമാനം

140 [1371] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ടി. പി. പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടിക്ക് ഫാസ്റ്റ് ട്രാക്ക് പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ഏതെങ്കിലും സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) കെ. എസ്. റ്റി. പി. പദ്ധതിക്കുവേണ്ടി ആരംഭിച്ചിട്ടുള്ള ആഫീസുകൾ നിർത്തലാക്കാനും, പ്രസ്തുത ജോലികൾ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആന്റ് (സി) തീരുമാനിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

കെ. എസ്. ടി. പി. പദ്ധതിക്കുവേണ്ടി ലോകബാങ്ക് നൽകുന്ന തുകയുടെ തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥകൾ

141 [1372] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. എം. മുരളി:
,, എം. എ. ചന്ദ്രശേഖരൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. വി. ജെ. പൗലോസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് അനുസരിച്ച് എത്ര കിലോമീറ്റർ റോഡിന്റെ പണി ഏറ്റെടുത്ത് നടത്താനാണ് വിഭാവന ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) അതിനുവേണ്ടി എന്തു തുക ചെലവാകും എന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(സി) ഏത് തീയതിക്ക് മുൻപ് പ്രസ്തുത പദ്ധതി പ്രകാരമുള്ള പണി പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതിക്കുവേണ്ടി ലോകബാങ്ക് നൽകുന്ന തുകയുടെ തിരിച്ചടവ് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് മുഖേന കേരളത്തിൽ 14 ജില്ലകളിലായി ഏകദേശം 1000 കി.മീ. ദൂരം റോഡ് ഹെവി മെയിന്റനൻസിലും ഏകദേശം 600 കി.മീ. ദൂരം അപ്ഗ്രഡേഷനിലും ഉൾപ്പെടുത്തി പണി ചെയ്യുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്.

(ബി) അടങ്കൽ തുക 1600 കോടി രൂപ.

(സി) 2007 ജൂൺ.

(ഡി) ലോകബാങ്ക് സഹായം ഇനത്തിലുള്ള 1250 കോടി രൂപയിൽ വായ്പ 70% 2007 മുതൽ 15 വർഷംകൊണ്ട് തിരിച്ചടയ്ക്കണം. ലോകബാങ്കിന് തുക മടക്കി നൽകുന്നത് ഗവൺമെന്റ് ഓഫ് ഇൻഡ്യ ആണ്. എന്നാൽ സംസ്ഥാന സർക്കാർ ഇൻഡ്യാ ഗവൺമെന്റിനു നൽകേണ്ട തുക കാലാകാലങ്ങളിൽ തീരുമാനിച്ച് അറിയിക്കുന്നതും സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതത്തിൽനിന്ന് കുറവു വരുത്തുന്നതുമാണ്.

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് പ്രകാരമുള്ള ജലപാതയുടെ പണി

142 [1373] ശ്രീ. ലൂഡി ലൂയിസ്:
,, കെ. ബാബു:
ശ്രീമതി രാധാരാഘവൻ:
ശ്രീ. സി. പി. മുഹമ്മദ്:
,, കെ. അച്ചുതൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് പ്രകാരം ഏതെങ്കിലും ജലപാതയുടെ പണി നടത്തുന്നുണ്ടോ; പേര് വെളിപ്പെടുത്തുമോ;

(ബി) ഇവയുടെ ദൈർഘ്യമെത്രയെന്നും എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly